ചാത്തന്നൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന് കെട്ടിട നിർമ്മാണം

115 (1192) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ചാത്തന്നൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ അടിസ്ഥാന സൗകര്യമില്ലായ്മയും ക്ലാസ് മുറിയുടെ അഭാവവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളിന് പുതിയ കെട്ടിട നിർമ്മാണം നടത്തണമെന്ന് ആവശ്യപ്പെട്ടുള്ള അപേക്ഷയും വിശദമായ എസ്റ്റിമേറ്റും ലഭിച്ചിരുന്നോ;

(സി) പ്രസ്തുത അപേക്ഷയിന്മേൽ അനുകൂല നടപടി സ്വീകരിക്കുവാൻ സന്നദ്ധമാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ചാത്തന്നൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ വൊക്കേഷണൽ വിഭാഗത്തിനായുള്ള കെട്ടിട നിർമ്മാണത്തിന്റെ അപേക്ഷയും വിശദമായ എസ്റ്റിമേറ്റും ലഭിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിനായി 400 ലക്ഷം രൂപ മാത്രമേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളൂ. ആയതിനാൽ പ്രസ്തുത സ്കൂളിലെ വൊക്കേഷണൽ വിഭാഗത്തിനായുള്ള കെട്ടിട നിർമ്മാണാവശ്യം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിഗണിക്കുന്നതാണ്.

സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി

116 (1193) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി നടപ്പാക്കുന്നതിന് എത്രയെല്ലാം സഹായങ്ങളാണ് സർക്കാർ നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ വിഭവങ്ങളാണ് കുട്ടികൾക്ക് ഉച്ചഭക്ഷണത്തിനായി ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഇതിനായി എത്ര തുക വീതമാണ് അനുവദിച്ചു നൽകുന്നതെന്നും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly